14655
2218/19

# കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ്- കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ (കെക്സ്കോൺ) വിവിധ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സൈനിക ക്ഷേമ വകുപ്പ്

സ.ഉ(പി) നം.11/2019/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 19.08.2019

---

പരാമർശം :- കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ 04.08.2017 – ലെ 201/എസ്റ്റാ/ഗവർണ്ണറുടെ നയപ്രഖ്യാപനം/കെക്സ്കോൺ/2017 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

1. 2017 ലെ ബഹു.ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൈനികക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷന്റെ (കെക്സ്കോൺ) പ്രവർത്തനത്തിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

2. വിമുക്തഭടന്മാർക്കും , വിധവകൾക്കും അവരുടെ ആശ്രിതർക്കും ഗുണകരമാകുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങളാണ് കോർപ്പറേഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പരാമർശിച്ചിട്ടുള്ളതെങ്കിലും പ്രസ്തുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തത കോർപ്പറേഷനെ ബാധിക്കുന്നുണ്ടെന്നും ആയതിനാൽ കോർപ്പറേഷനിൽ വിവിധ വിഭാഗങ്ങളിലായി 79 തസ്തികകൾ കൂടി അടിയന്തരമായി സൃഷ്ടിക്കണമെന്നും പരാമർശ കത്ത് പ്രകാരം കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ലെ ബഹു.ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം വിമുക്തഭടന്മാർക്കും ,അവരുടെ വിധവകൾക്കും ആശ്രിതർക്കും ഗുണകരമാകാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി കെക്സ്കോണിൽ ചുവടെ ചേർക്കുന്ന 8 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രോജക്ട് ഓഫീസർ | 1 |
| 2 | എൽ.ഡി.സി | 5 |
| 3 | വാച്ച്മാൻ | 1 |
| 4 | കാഷ്വൽ സ്വീപ്പർ | 1 |
| | **ആകെ** | 8 |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഹേമ പ്രഭ.ഡി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ചെയർമാൻ, കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ, ടി..സി25/838, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട്,തിരുവനന്തപുരം - 685 014.

2. മാനേജിംഗ് ഡയറക്ടർ ,കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ, ടി.സി25/838, അമൃത ഹോട്ടലിന് എതിർവശം , തൈക്കാട്, തിരുവനന്തപുരം - 685 014.
3. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം.നം.3260 തീയതി 14.08.2019)
5. ധനകാര്യ (പി.യു.സി) വകുപ്പിന് (ഫയൽ നം.PU-C3/164/2017-FIN)
6. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി (പ്രസിദ്ധീകരണത്തിനായി)
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-08-2019

ഫയൽ നം.SW1/173/2017/പൊ.ഭ.വ. ഇനം നം: 3260

വിഷയം : സൈനിക ക്ഷേമ വകുപ്പ് - സൈനിക ക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ (കെക്സ്കോൺ) പുതുതായി 8 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്

16/8/19

ഇത് സർക്കാർ ഉത്തരവ് അംഗീകരിച്ചു.

17/8/19

19/8/19

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | | SW1/173/2017/പൊ.ഭ.വ |
| 2. വകുപ്പ് | : | സൈനിക ക്ഷേമ വകുപ്പ് |
| 3. വിഷയം | : | സൈനികക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ (കെക്സ്കോൺ) പുതുതായി 8 തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 28.06.2019 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | അതെ |
| (ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഹേമ പ്രഭ.ഡി |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ .എ.ഷാജഹാൻ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.07.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.07.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | | 03.08.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09.08.2019 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സൈനികക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ (കെക്സ്കോൺ) പുതുതായി 8 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയമാണ് ഈ കുറിപ്പിലുള്ളത്.

2. വിമുക്തഭടന്മാർ, കാര്യനിർവ്വഹണത്തിനിടെ കൊല്ലപ്പെട്ട ജവാന്മാരുടെ വിധവകൾ, ആശ്രിതർ എന്നിവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി 2001 ഡിസംബർ 7-ാം തീയതി രൂപീകരിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് കെക്സ്കോൺ. കെക്സ്കോൺ എന്ന കമ്പനിയുടെ ആകെ മൂലധനമായ 50 ലക്ഷം രൂപയും സർക്കാരാണ് മുടക്കിയിട്ടുള്ളത്.

3. കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളായി സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ 42 ഇനങ്ങളിലായി വളരെയധികം പദ്ധതികൾ പരാമർശിച്ചിട്ടുണ്ടെങ്കിലും , ഇപ്പോൾ വിവിധ സർക്കാർ, അർദ്ധസർക്കാർ ഓഫീസുകൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള സെക്യൂരിറ്റി സൂപ്പർവൈസർ, സെക്യൂരിറ്റി ഗാർഡ് എന്നീ ജോലികൾക്കായി വിമുക്തഭടന്മാരെ നിയമിക്കുക മാത്രമാണ് പ്രധാനമായും ഈ സ്ഥാപനം ചെയ്തു വരുന്നത്.

4. കെക്സ്കോണിന്റെ നടത്തിപ്പിനായി 04.07.2002 ലെ സ.ഉ(എം.എസ്)224/2002/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം 7 തസ്തികകളും (എം.ഡി -1, എ.ഒ-1, എഫ്.ഒ-1, കമ്പ്യൂട്ടർ ഓപ്പറേറ്റർ -1, എൽ.ഡി.സി-1, പ്യൂൺ-1, അറ്റൻഡർ-1), 28.05.2016 ലെ സ.ഉ(എം.എസ്)82/2016/പൊ.ഭ.വ സർക്കാർ ഉത്തരവു പ്രകാരം 3 തസ്തികകളും (അക്കൗണ്ടന്റ്-1, എൽ.ഡി.സി-1, ഡ്രൈവർ ഗ്രേഡ് II -1) ഉൾപ്പെടെ 10 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

5. മേൽ തസ്തികകളിൽ മാനേജിംഗ് ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവ ഒഴികെയുള്ളവ പി.എസ്.സി മുഖേന നികത്തുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

6. സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി 3 തസ്തികകൾ ഒഴികെ മറ്റ് തസ്തികകളിൽ ദിവസ /കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുകയാണ് ചെയ്തു വരുന്നത്.

7. 2017 ലെ ബഹു.ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കെക്സ്കോണിന് ആവശ്യമായ എല്ലാ സഹായസഹകരണവും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ പ്രതിപാദിച്ചിട്ടുള്ള, വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും ഗുണകരമാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും മറ്റുമായി താഴെ പറയും പ്രകാരം 79 ജീവനക്കാർ കൂടി അത്യന്താപേക്ഷിതമാണ് എന്നും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നു.

| ക്രമ നം. | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 2 | ഫിനാൻസ് ഓഫീസർ | 1 |
| 3 | ലോ ഓഫീസർ | 1 |
| 4 | അണ്ടർ സെക്രട്ടറി | 2 |
| 5 | സെക്ഷൻ ഓഫീസർ | 7 |
| 6 | ജൂനിയർ സൂപ്രണ്ട് | 6 |
| 7 | ഹെഡ് അക്കൗണ്ടന്റ് | 1 |
| 8 | കാഷ്യർ കം അക്കൗണ്ടന്റ് | 1 |
| 9 | യു.ഡി.ക്ലാർക്ക് | 14 |
| 10 | എൽ.ഡി.ക്ലാർക്ക് | 21 |
| 11 | എൽ.ഡി.ടൈപ്പിസ്റ്റ് | 5 |
| 12 | ഓഫീസ് അറ്റൻഡന്റ് | 8 |
| 13 | അറ്റൻഡർ | 4 |

| | | |
|---|---|---|
| 14 | റിസപ്ഷനിസ്റ്റ് | 1 |
| 15 | ഡ്രൈവർ | 2 |
| 16 | സ്വീപ്പർ | 2 |
| 17 | സെക്യൂരിറ്റി ഗാർഡ് | 2 |
| ആകെ | | 79 |

8. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തു. ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"പി & എ ആർ ഡി പഠന സംഘത്തിന്റെ വിലയിരുത്തൽ പ്രകാരം കെക്സ്കോണിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം 19 ആണെന്ന് കാണുന്നു. ഇതിനകം പത്തു തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിനാൽ ചുവടെ ചേർക്കുന്ന എട്ട് തസ്തികകൾ കൂടി അനുവദിക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രോജക്റ്റ് ഓഫീസർ | 1 |
| 2 | എൽ.ഡി.സി | 5 |
| 3 | വാച്ച്മാൻ | 1 |
| 4 | കാഷ്വൽ സ്വീപ്പർ | 1 |
| | ആകെ | 8 |

ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട് "

9. സൈനികക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെക്സ്കോണിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു. 13.03.2019 ന് നടന്ന മന്ത്രിസഭായോഗം പ്രസ്തുത വിഷയം പരിഗണിച്ചു. എന്നാൽ 2019 ലോക സഭാ തിരഞ്ഞെടുപ്പിന്റെ മാതൃകാപെരുമാറ്റ ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ

13.03.2019 തീയതിയിലെ ഇനം നമ്പർ 2940 പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രസ്തുത പ്രൊപ്പോസൽ പിൻവലിക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു.

ഫയൽ തുടർനടപടികൾക്കായി വീണ്ടും ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു. തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രസ്തുത വിഷയം വീണ്ടും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

സൈനികക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ (കെക്സ്കോൺ) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം താഴെ പറയുന്ന 8 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ ;

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രോജക്റ്റ് ഓഫീസർ | 1 |
| 2 | എൽ.ഡി.സി | 5 |
| 3 | വാച്ച്മാൻ | 1 |
| 4 | കാഷ്വൽ സ്വീപ്പർ | 1 |
| ആകെ | | 8 |

GOVERNMENT OF KERALA
(SHRI PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. File Number | : | SW1/173/2017/GAD |
| 2. Department | : | Sainik Welfare Department |
| 3. Subject | : | Creation of 8 new posts in Kerala State Ex-servicemen Development and Rehabilitation Corporation (KEXCON), an Undertaking under Sainik Welfare Department, Government of Kerala- reg |
| 4. Date of Chief Minister's order for placing before the Council | : | 28.06.2019 |
| 5. (i) Does the case involve financial Commitment/implications | : | Yes |
| (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. Name of Additional Secretary who submitted the draft Note | : | Smt.Hema Prabha.D |
| 8. Name of the Secretary who approved the Draft Note | : | Sri.A.Shajahan |
| 9. Date of approval of the Draft Note for the Council by the Secretary | : | 18.07.2019 |
| 10. Name of Chief Secretary who approved the Draft Note | : | Sri.Tom Jose |
| 11. Date of approval of the draft Note for the Council by the Chief Secretary. | : | 29.07.2019 |
| 12. Name of Minister who approved the Draft Note | : | Sri. Pinarayi Vijayan (Chief Minister) |
| 13. Date of approval of the Draft Note for the Council by the Chief Minister | : | 03.08.2019 |
| 14. Date of Submission of fair copies | : | 09.08.2019 |
| 15. Date of decision by the Council of Minister | : | |
| 16. Number and date of the G.O/letter Communicating the decision | : | |

# NOTES FOR THE COUNCIL OF MINISTERS

1. This Note relates to the creation of 8 new posts in Kerala State Ex-servicemen Development and Rehabilitation Corporation (KEXCON), an Undertaking under Sainik Welfare Department, Government of Kerala.

2. KEXCON was formed in 7th December 2001 with a mandate to rehabilitate the Ex-servicemen and dependents /widows of the soldiers who were killed in action. The entire share capital of the Corporation amounting to Rs.50 lakhs was contributed by the Government.

3. Eventhough the Memorandum of Association of the Corporation envisages so many projects under 42 heads, the only major activity that has been undertaken by the Corporation is posting of Ex-servicemen as Security Supervisors and Security Guards for various Government, quasi Government and Central Government Offices.

4. Initially Government vide G.O(MS)No.224/2002/GAD dated 04.07.2002 sanctioned 7 posts (Managing Director -1, Administrative Officer-1, Finance Officer-1, Computer Operator-1, LDC-1, Peon-1, Attender-1) to the Corporation. Later vide G.O(MS)No.82/2016/GAD dated 28.05.2016 Government sanctioned 3 more posts (Accountant-1, LDC-1, Driver Grade II-1) and thus the Corporation has 10 sanctioned posts under various categories.

5. Notification has been issued to fill all posts except the Managing Director, Administrative Officer and Finance Officer, through Kerala Public Service Commission.

6. Since Special Rules has not been formulated the appointments under the above categories except the 3 posts mentioned above are being done on daily wage / contract basis.

7. The Hon'ble Governor of Kerala in his address to the Legislative Assembly in 2017 declared that the Government will extend all necessary support for the effective functioning of KEXCON. In the circumstance as stated in the Memorandum of Association in order to take up new projects and activities that are beneficial to the Ex-servicemen and their dependents the Managing Director, KEXCON has submitted a proposal that 79 personnel are needed under various categories and requested Government to create posts in this regard as follows.

| Sl.No. | Posts | Numbers |
|---|---|---|
| 1 | Administrative Officer | 1 |
| 2 | Finance Officer | 1 |
| 3 | Law Officer | 1 |
| 4 | Under Secretary | 2 |
| 5 | Section Officer | 7 |
| 6 | Junior Superintendent | 6 |
| 7 | Head Accountant | 1 |
| 8 | Cashier cum Accountant | 1 |
| 9 | U.D.Clerk | 14 |
| 10 | L.D.Clerk | 21 |
| 11 | L.D.Typist | 5 |
| 12 | Office Attendant | 8 |

| | | |
|---|---|---|
| 13 | Attender | 4 |
| 14 | Receptionist | 1 |
| 15 | Driver | 2 |
| 16 | Sweeper | 2 |
| 17 | Security Guard | 2 |
| Total | | 79 |

8. Government have examined the matter in detail in consultation with the Finance Department. The Finance Department has offered the following remarks.

"പി & എ ആർ ഡി പഠന സംഘത്തിന്റെ വിലയിരുത്തൽ പ്രകാരം കെക്സ്കോണിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം 19 ആണെന്ന് കാണുന്നു. ഇതിനകം പത്തു തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിനാൽ ചുവടെ ചേർക്കുന്ന എട്ട് തസ്തികകൾ കൂടി അനുവദിക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രോജക്റ്റ് ഓഫീസർ | 1 |
| 2 | എൽ.ഡി.സി | 5 |
| 3 | വാച്ച്മാൻ | 1 |
| 4 | കാഷ്വൽ സ്വീപ്പർ | 1 |
| | ആകെ | 8 |

ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

9. When the file relating to creation of posts at KEXCON, was circulated to the Hon'ble Chief Minister, it was ordered therein to place the matter before the Council of Ministers for consideration. The Council considered the matter on 13.03.2019.

But the Model Code of Conduct of the 2019 Loksabha Election was in force, the Council decided to withdraw the proposal vide Item No.2940 dated 13.03.2019.

The file was again circulated to the Hon'ble Chief Minister and the Hon'ble Chief Minister ordered to place the proposal for post creation again before the Council for consideration.

## Point for Decision

Whether the following 8 posts may be created in Kerala State Ex-servicemen Development and Rehabilitation Corporation (KEXCON) under Sainik Welfare Department as remarked by Finance Department ;

| Sl.No. | Posts | Number |
|---|---|---|
| 1. | Project Officer | 1 |
| 2. | LDC | 5 |
| 3. | Watchman | 1 |
| 4. | Casual Sweeper | 1 |
| **Total** | | 8 |